# പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
05.03.2009

പതിനഞ്ചാം ലോകസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കേരളത്തിൽ ഏപ്രിൽ 16 ന് വോട്ടെടുപ്പ് നടക്കുകയാണ്. മാർച്ച് 23 ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും അന്നു തൊട്ട് നാമനിർദേശപത്രികാ സമർപ്പണം നടക്കുകയും ചെയ്യും. മുന്നണികൾക്കകത്തെ സീറ്റ് വിഭജനം, അതത് പാർട്ടിക്കകത്തു നടക്കുന്ന സ്ഥാനാർത്ഥി നിർണയ നടപടികൾ എന്നിവയാണിപ്പോൾ പ്രധാന വാർത്തകളും വിവാദവും. എന്നാൽ പൊതുതെരഞ്ഞെടു പ്പിന്റെ രാഷ്ട്രീയം അർഹിക്കുന്ന ഗൗരവത്തോടെ ചർച്ച ചെയ്യാൻ മാധ്യമങ്ങൾ ഇനിയും തയ്യാറായിട്ടില്ല.

പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോഴുണ്ടായിരുന്ന രാഷ്ട്രീയ സാഹചര്യ ത്തിൽ നിന്നും വലിയ മാറ്റമാണ് പതിനഞ്ചാം തെരഞ്ഞെടുപ്പിലെത്തുമ്പോൾ ഉണ്ടായിരി ക്കുന്നത്. അന്ന് കേന്ദ്രത്തിൽ ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. ഭരണമായിരു ന്നു. കേന്ദ്രത്തിൽ ആറ് കൊല്ലം ഭരണം നടത്തി രാജ്യത്താകെ വർഗീയസ്പർധക്ക് തിരി കൊളുത്തുകയും ന്യൂനപക്ഷസമുദായങ്ങളെ കടന്നാക്രമിക്കാൻ നേതൃത്വം നൽകുകയുമാ യിരുന്നു ആ ഗവൺമെന്റ്. അതിന്റെ ഏറ്റവും ഭീബത്സമായ അവസ്ഥയാണ് ഗുജറാത്തിൽ മോഡി ഭരണത്തിൽ കണ്ടത്. മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യുന്നതിനാണ് മോഡി ഭരണ ത്തിന്റെ പിന്തുണയോടെ സംഘപരിവാരം ശ്രമിച്ചത്. അതിന് വാജ്പേയ് സർക്കാർ സർവ ആശീർവാദവും നൽകി. ബി.ജെ.പി. ഭരണം തുടർന്നാൽ വിഭജനകാലത്തെ അവസ്ഥയി ലേക്ക് രാജ്യം എടുത്തെറിയപ്പെട്ടേക്കുമെന്ന ഭീതിയാണുണ്ടായത്. വർഗീയതയോടുള്ള നിലപാടിന്റെ കാര്യത്തിൽത്തന്നെ ചാഞ്ചാട്ടമുണ്ടായിരുന്നെങ്കിലും, സാമ്പത്തിക നയങ്ങ ളുടെ കാര്യത്തിൽ പിന്തിരിപ്പൻ നയം മുറുകെപിടിക്കുകയായിരുന്നെങ്കിലും കോൺഗ്രസ്-ഐ നേതൃത്വത്തിലുള്ള ഒരു മുന്നണി ഭരണം കേന്ദ്രത്തിൽ വരേണ്ടത് തൽക്കാലം അനിവാര്യമാണെന്ന് വന്നു. യു.പി.എ.ക്ക് പുറത്ത് നിന്ന് പിന്തുണ നൽകാൻ ഇടതുപക്ഷം സന്നദ്ധമായത് അതുകൊണ്ടാണ്. ആ നിലപാട് തികച്ചും ശരിയായിരുന്നു വെന്ന് കാലം തെളിയിച്ചു. സംഘപരിവാരത്തിന്റെയും എൻ.ഡി.എ.യുടെയും വളർച്ച തടയാനും വർഗീയരാഷ്ട്രീയത്തെ ഒരു പരിധിവരെ ക്ഷീണിപ്പിക്കാനും കഴിഞ്ഞു. അതി നർത്ഥം ഹിന്ദുത്വ വർഗീയശക്തികൾ ഉയർത്തുന്ന ഭീഷണി ശമിച്ചെന്നോ ബി.ജെ.പി.യുടെ

വർഗീയ രാഷ്ട്രീയം തകർന്നെന്നോ അല്ല, രാജ്യത്തിനുമേൽ അവരുടെ ഭീഷണി തൂങ്ങി നിൽക്കുന്നു.

ന്യൂനപക്ഷമായിരുന്നിട്ടും തങ്ങൾ അധികാരത്തിൽ അവരോധിക്കപ്പെട്ടത് സവിശേഷമായ ഒരു രാഷ്ട്രീയ സാഹചര്യത്തിലാണെന്നും അതിനിടയായ സാഹചര്യം തങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം കാത്തുസൂക്ഷിക്കണമെന്നുമുള്ള ബോധം യു.പി.എ.ക്ക്, പ്രത്യേകിച്ച് കോൺഗ്രസ്സിന് ഇല്ലാതെ പോയി. വർഗീയതയെ കലവറയില്ലാതെ എതിർക്കാൻ അവർ തയ്യാറായില്ല. ഒറീസയിൽ ക്രൈസ്തവ ന്യൂനപക്ഷം സംഘപരിവാരത്താൽ വേട്ടയാടപ്പെട്ടപ്പോൾ ശക്തമായി തടയാൻ കേന്ദ്രം സന്നദ്ധമായില്ല. വിദേശനയത്തിന്റെ കാര്യത്തിലാകട്ടെ നമ്മുടെ പ്രഖ്യാപിതമായ ചേരിചേരാനയം എൻ.ഡി.എ. അട്ടിമറിച്ചിരുന്നത് പുനഃസ്ഥാപിക്കാൻ കൂട്ടാക്കിയില്ല. എന്നുമാത്രമല്ല, രാജാവിനേക്കാൾ രാജഭക്തി എന്ന സമീപനമാണ് അമേരിക്കയോട് പ്രകടിപ്പിച്ചത്. ഇറാഖിനെ ചുടുകാടാക്കിയ അമേരിക്കൻ ഭീകരതയെ മനസ്സറിഞ്ഞ് അപലപിക്കാൻ തയ്യാറായില്ല. ലോകശത്രുവായ ഇസ്രായേൽ ഗാസാചീന്തിൽ പലസ്തീൻ മക്കളെ കൂട്ടക്കുരുതി ചെയ്യുമ്പോൾ കണ്ടില്ലെന്നു നടിച്ചു. ആ ഇസ്രയേലുമായി പ്രതിരോധ കരാറിലേർപ്പെടാൻ വൈമുഖ്യമുണ്ടായില്ല. അമേരിക്കയെ തൃപ്തിപ്പെടുത്താൻ ഇറാനുമായുള്ള പൈപ്പ്ലൈൻ പദ്ധതി മരവിപ്പിക്കാൻ മടിയുണ്ടായില്ല. ഇതിനെല്ലാം മകുടും ചാർത്തുമാറ് രാജ്യത്തെ അപ്പാടെ അമേരിക്കക്ക് അടിയറവെക്കുകയും ചെയ്തു. പൊതുജനവികാരം തൃണവൽഗണിച്ച് അമേരിക്കയുമായി ആണവകരാറിൽ ഒപ്പിട്ടു. സാമ്പത്തികവും രാഷ്ട്രീയവുമായി ഇന്ത്യയെ കനത്ത നഷ്ടത്തിലേക്ക് തള്ളിയിടുന്ന കരാർ. പണ്ട് മാർത്താണ്ഡവർമ്മ മഹാരാജാവ് രാജ്യം 'ശ്രീ പത്മനാഭന്' സമർപ്പിക്കുകയുണ്ടായി. തൃപ്പടിത്താനം എന്നറിയപ്പെട്ട ചരിത്ര സംഭവം. തൃപ്പടിത്താനം നടത്തിയശേഷം ശ്രീ പത്മനാഭദാസൻ എന്ന പേരിലാണ് മാർത്താണ്ഡ വർമ തിരുവിതാംകൂർ രാജ്യഭരണം കയ്യാളിയത്. ഡോക്ടർ മൻമോഹൻ സിങ്ങാകട്ടെ, ലോകശത്രുവായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തലതൊട്ടപ്പനായ ജോർജ്ജ് ഡബ്ല്യൂ ബുഷിനാണ് തൃപ്പടിദാനം ചെയ്തത്. തുടർന്ന് 'ബുഷ് ദാസൻ ഭരണ'വും. അമേരിക്കൻ ജനതതന്നെ എഴുതിത്തള്ളിയ ആ ബുഷിന് ഭാരതരത്നം നൽകേണ്ടതാണെന്ന് കോൺഗ്രസ് നേതൃത്വം പരസ്യപ്രസ്താവന നടത്തിയ ലജ്ജാകരമായ സംഭവമുണ്ടായി.

ആണവകരാറിൽ ഒപ്പിട്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും അമേരിക്കക്ക് പണയം വെച്ചതോടെ യു.പി.എ. രാജ്യദ്രോഹത്തിന്റെ മൂർധന്യത്തിലെത്തി. അതുകൊണ്ടാണ് യു.പി.എ. ഗവൺമെന്റിനുള്ള പിന്തുണ പിൻവലിക്കാൻ ഇടതുപക്ഷം നിർബദ്ധമായത്. അതേവരെ ഇടതുപക്ഷത്തിന്റെ പിന്തുണകൊണ്ടുമാത്രം നിലനിന്ന യു.പി.എ.

ഗവൺമെന്റ് കോൺഗ്രസ് - ഐ യുടെ പഴയ പാരമ്പര്യപ്രകാരം കുതിരക്കച്ചവടത്തിലൂടെ അധികാരം നിലനിർത്തുന്നതിനാണ് പിന്നീട് രാജ്യം സാക്ഷ്യം വഹിച്ചത്.

ഇടതുപക്ഷത്തിന്റെ പിന്തുണ ആവശ്യമായിരുന്നതിനാൽ ആദ്യത്തെ നാല്കൊല്ലത്തില ധികം കാലം സാമ്പത്തിക രംഗത്ത് സ്വകാര്യവൽക്കരണത്തിന്റേതായ തീവ്രനിലപാ ടിൽനിന്നും അല്പം പിറകോട്ടുപോകാൻ യു.പി.എ. സർക്കാർ നിർബന്ധമായി. നവരത്നക മ്പനികളുടെ സ്വകാര്യവൽക്കരണം, ഇൻഷുറൻസ് സ്വകാര്യവൽക്കരണം, പെൻഷൻ ഫണ്ട് സ്വകാര്യവൽക്കരണം തുടങ്ങിയ അജണ്ടകൾ നടപ്പാക്കാൻ കഴിഞ്ഞില്ല. ഇടതുപക്ഷ ത്തിന്റെ നിർബന്ധത്തിനു വഴങ്ങി ആദിവാസി വനാവകാശനിയമം നടപ്പാക്കാനും ദേശീയ തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിക്കാനും അത് രാജ്യവ്യാപകമാക്കാനും യു.പി.എ. ഗവൺമെന്റ് തയ്യാറായി. കർഷക ആത്മഹത്യ രൂക്ഷമായ പ്രദേശങ്ങൾക്കായി വിദർഭ മോഡൽ പാക്കേജ് അംഗീകരിക്കാനും കാർഷിക കടങ്ങൾ എഴുതിത്തള്ളാനും തയ്യാറാ യി. ആഗോളവത്ക്കരണ - സ്വകാര്യവൽക്കരണ നയങ്ങളുടെ വക്താക്കളും പ്രയോക്താ ക്കളുമായ കോൺഗ്രസ്സിന് ആദ്യത്തെ നാലുവർഷക്കാലം രാജ്യത്തെ പൊതുമേഖലയെ അപ്പാടെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കേണ്ടി വന്നു.

എന്നാൽ ഇടതുപക്ഷം പിന്തുണ പിൻവലിക്കുകയും കുതിരക്കച്ചവടത്തിലൂടെ അധികാര ത്തിൽ തുടരാനാവുകയും ചെയ്തത് യു.പി.എ. ഒരു സൗകര്യമായി കണക്കാക്കുന്നതാണ് പിന്നീട് കണ്ടത്. ഇൻഷുറൻസ് സ്വകാര്യവൽക്കരണമുൾപ്പെടെ തീവ്രമായ നവലിബറൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കുകയാണ് പിന്നീടുണ്ടായത്. ലോകത്തെയാകെ പിടിച്ചുകുലു ക്കിക്കൊണ്ടിരിക്കുന്ന ആഗോള സാമ്പത്തികമാന്ദ്യം ഇതേവരെ അതിന്റെ തീവ്രതയിൽ ഇന്ത്യയിൽ അനുഭവപ്പെടാത്തതിനു കാരണം നാലുവർഷക്കാലം ഇടതുപക്ഷം കാണിച്ച ജാഗ്രതയാണ്. ബാങ്കിങ്ങ് - ഇൻഷുറൻസ് മേഖലയെ പൊതുമേഖലിയിൽത്തന്നെ നില നിർത്താൻ കാട്ടിയ കടുത്ത സമ്മർദ്ദത്തിന്റെ ഫലം.

ആണവകരാറിനെതിരായ ദേശാഭിമാന പ്രചോദിതമായ പോരാട്ടവും നിലപാടും ദേശീയത ലത്തിൽ പുതിയൊരു രാഷ്ട്രീയ ധാരണക്ക് പശ്ചാത്തലമൊരുക്കി. ഇടതുപക്ഷത്തിന്റെ സുചിന്തിത നിലപാടിനൊപ്പം നിൽക്കാൻ ബി.എസ്.പി., ടി.ഡി.പി. തുടങ്ങി നിരവധി മതനി രപക്ഷകക്ഷികൾ തയ്യാറായി. മൂന്നാംമുന്നണി എന്ന ഒരു സംവിധാനം തൽക്കാലം യാഥാർത്ഥ്യമായി കഴിഞ്ഞിട്ടില്ലെങ്കിലും കോൺഗ്രസ്സിനും ബി.ജെ.പി.ക്കും ബദലായി സുശക്തമായ ഒരു മൂന്നാം സംവിധാനം ഉരുവംകൊള്ളുന്നതിന് വഴി തെളിഞ്ഞു. ഉത്തര പ്രദേശ്, ആന്ധ്ര, തമിഴ്നാട്, പശ്ചിമബംഗാൾ, കേരളം, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങളി ലെല്ലാം അജയ്യശക്തിയായ പാർട്ടികളാണ് മൂന്നാം ബദൽ സംവിധാനത്തിൽ അണിനിര ക്കുന്നത്.

അതേസമയം യു.പി.എ.യെ അധികാരത്തിൽ കടിച്ചുതൂങ്ങാൻ വഴിവിട്ട് സഹായിച്ച മുലയംസിങ്ങിന്റെ സമാജ്‌വാദ് പാർടിയും യു.പി.എ.യുടെ പ്രധാനഘടകകക്ഷിയായ എൻ.സി.പി.യും ഉൾപ്പെടെ യു.പി.എ. യിൽ കലാപക്കൊടി ഉയർത്തിക്കഴിഞ്ഞു. തെരഞ്ഞെടുപ്പിനുശേഷം എന്തു നിലപാടെടുക്കുമെന്ന് യു.പി.എ.യിലെ ഘടകകക്ഷികൾ ഇപ്പോൾ ഇരുട്ടിൽ തപ്പുകയാണ്. അങ്ങനെ വരുമ്പോൾ പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ വരിക കോൺഗ്രസിന്റെയും ബി.ജെ.പി.യുടെയും നേതൃത്വത്തിലുള്ള മുന്നണിയല്ല, മറിച്ച് ഇടതുപക്ഷ-മതനിരപക്ഷ കക്ഷികളുടെ മുന്നണി, മൂന്നാം മുന്നണിയായിരിക്കും എന്നതുറപ്പാണ്.

വർഗീയ പിന്തിരിപ്പൻ ശക്തികളായ ബി.ജെ.പി. സഖ്യത്തെ ഒറ്റപ്പെടുത്തുക, സാമ്രാജ്യത്വത്തിന്റെ പിണിയാളുകളും രാജ്യത്തെ തകർത്തു തരിപ്പണമാക്കുന്ന പിന്തിരിപ്പൻ സാമ്പത്തിക നയത്തിന്റെ പ്രയോക്താക്കളുമായ കോൺഗ്രസ്-ഐ യെ പരാജയപ്പെടുത്തുക - പകരം ഇടതുപക്ഷത്തിന് നിർണായക സ്വാധീനമുള്ള ജനാധിപത്യ-മതനിരപേക്ഷ കക്ഷികളുടേതായ ഒരു മൂന്നാം മുന്നണിയെ അധികാരത്തിലേറ്റുക - അതാണ് പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കേന്ദ്രരാഷ്ട്രീയം.

ഇന്ത്യയുടെ സുരക്ഷിതത്വത്തിന് ഏറ്റവുമധികം വെല്ലുവിളിയുണ്ടായ കാലമാണ് യു.പി.എ. ഭരണം. കടൽവഴി എത്തിയ ഒരു ചെറുസംഘം കൊടുംഭീകരർ മുംബൈയിൽ നടത്തിയ ആക്രമണം ദിവസങ്ങളോളം രാജ്യത്തെ കിടിലംകൊള്ളിച്ചു. ഇരുന്നൂറോളംപേർ കൊല്ലപ്പെട്ടു. മാനവരാശിയുടെ ശത്രുക്കളായ അൽഖൊയ്ദ പോലുള്ള കൊടുംഭീകരസംഘങ്ങൾ പലപല സ്ഫോടനങ്ങളിലൂടെ രാജ്യത്തെ വിറപ്പിച്ചു. ഭീകരസംഘങ്ങളെ അമർച്ച ചെയ്യുന്നതിലും അയൽരാജ്യങ്ങളിൽനിന്നുള്ള അവരുടെ കടന്നുകയറ്റം തടയുന്നതിലും യു.പി.എ. സർക്കാർ പരാജയപ്പെട്ടു മതത്തിന്റെ പേരിലുള്ള ഭീകരതാണ്ഡവത്തിനെതിരായ ശക്തമായ ജനവികാരംകൂടി ഈ തെരഞ്ഞെടുപ്പിൽ പ്രകടമാവും.

പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യെ അധികാരത്തിൽനിന്ന് പുറന്തള്ളുക, ഒറ്റപ്പെടുത്തുക എന്നതായിരുന്നു കേന്ദ്രമുദ്രാവാക്യം. ആ ലക്ഷ്യം സാധിക്കുന്നതിന് ഏറ്റവും മഹത്തായ സംഭാവന നൽകിയവരാണ് കേരള ജനത. ഇരുപതിൽ പതിനെട്ട് സീറ്റും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നൽകി രാഷ്ട്രീയ പ്രബുദ്ധത തെളിയിച്ചു. ആ പതിനെട്ട് സീറ്റ് കേന്ദ്രത്തിൽ ഏറ്റവും സഫലമായി വിനിയോഗിക്കപ്പെട്ടുവെന്നത് സർവാംഗീകൃതമാണ്. ബി.ജെ.പി.യെ അധികാരത്തിൽ നിന്നകറ്റിനിർത്താനും യു.പി.എ. ഗവൺമെന്റിന്മേൽ ഏറ്റവും ശക്തമായ സമ്മർദ്ദശക്തിയാവാനും കഴിഞ്ഞു. ദേശീയതലത്തിൽ പുരോഗമനശക്തികളുടെയാകെ താല്പര്യമുയർത്തിപ്പിടിച്ച് യു.പി.എ.ക്കുമേൽ

നിർബന്ധം ചെലുത്തി. അതിനൊക്കെ ഉപരിയായി കേരളത്തിന്റെ ശബ്ദം കേന്ദ്രത്തിൽ ഏറ്റവും ഉച്ചത്തിൽ മുഴങ്ങിയത് പതിനാലാം ലോക്സഭയിലാണ്. കേരളത്തിൽ കേന്ദ്രനിക്ഷേപം അനുവദിപ്പിക്കുന്ന കാര്യത്തിൽ, തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കുന്നതിൽ, വിദർഭാ പാക്കേജിൽ മൂന്നുജില്ലകളെ ഉൾപ്പെടുത്തുന്നതിൽ, ഇടുക്കിക്കും കുട്ടനാടിനും പ്രത്യേകം പാക്കേജ് അംഗീകരിപ്പിക്കുന്നതിൽ, പാലക്കാട് കോച്ച് ഫാക്ടറി അനുവദിപ്പിക്കുന്നതിൽ, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിപ്പിക്കുന്നതിൽ - എന്നിങ്ങനെ കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ ഒത്തൊരുമിച്ച് പോരാടാൻ കഴിഞ്ഞു. റേഷൻവിഹിതം നിഷേധിച്ചപ്പോൾ അതിശക്തമായി പ്രതികരിച്ചു.

പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ വോട്ടർമാരുടെ മുന്നിൽ വരുന്ന ഏതാനും കാര്യങ്ങളാണ് മുകളിൽ പറഞ്ഞത്. സംസ്ഥാനത്തെ ഭരണനേട്ടങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിനു പുറമെയാണ്. കോൺഗ്രസ്-ഐയും ബി.ജെ.പി.യും അധികാരത്തിൽ വരുന്നത് തടയുക, ഇടതുപക്ഷ-മതനിരപേക്ഷശക്തികളുടേതായ ഒരു മൂന്നാംമുന്നണിയെ ഭരണത്തിലേറ്റുക എന്നതാണ് ഈ തെരഞ്ഞെടുപ്പിൽ ജനാധിപത്യവിശ്വാസികളുടെ കർത്തവ്യം. അതിനായി മറ്റെല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിവെച്ച് ജനങ്ങളാകെ ഐക്യപ്പെടുകയാണ് ഇപ്പോൾ അനിവാര്യം.